അടിയന്തരാവസ്ഥയ്ക്ക്

**നക്സലൈറ്റുകൾ നടത്തിയത് അവരുടേതായ രീതിയിൽ രാഷ്ട്രത്തിനും ജനങ്ങൾക്കുവേണ്ടിയുള്ള പോരാട്ടമാണ്. അതിനെ ഒരു രാഷ്ട്രീയ സമരമായി കാണുന്നതിൽ എന്താണ് തെറ്റെന്ന് അപ്പുക്കുട്ടൻ വള്ളിക്കുന്ന്**

# അടിയന്തരാവസ്ഥാ തടവുകാർ വോട്ടുബാങ്കാണോ?

**1.** അടിയന്തരാവസ്ഥ ഒരു ഭൂതകാല ഓർമ്മ മാത്രമല്ല. സാമ്പത്തിക -രാഷ്ട്രീയ പ്രതിസന്ധികൾ മൂർച്ഛിക്കുമ്പോൾ അധികാരത്തിൽ തുടരാൻ ഏതൊരു ഭരണാധികാരിയും അവസാനം കൈക്കൊണ്ടേക്കാവുന്ന അപ്രതീക്ഷിതവും അസാധാരണവുമായ നടപടിയായി അതിനെ കാണണം. ജനാധിപത്യത്തിന്റെ എത്ര ഉറച്ച അടിത്തറ ഉണ്ടായാലും വണങ്ങാനും മുട്ടുമടക്കാനും പാർലമെന്റും സിവിൽ സർവ്വീസും തയ്യാറാകുമ്പോൾ അതിനുള്ള അവസരം സ്വയം സൃഷ്ടിക്കപ്പെടും. പണ മുതലാളിത്തത്തിന്റെ ഇടപെടലിന്റെ പുതിയ സാഹചര്യവും പുറത്തുവന്നുകൊണ്ടിരിക്കുന്ന ഭീകരമായ അഴിമതികളും അതിന്റെ സാധ്യത ഇന്നേറെ വർദ്ധിപ്പിക്കുന്നുണ്ട്. ജനാധിപത്യത്തിന്റെ നാലു തൂണുകളും വളച്ചും കീഴ്പ്പെടുത്തിയും ചരിത്രം ഒരുപക്ഷേ ആവർത്തിക്കുക പുതിയ രൂപത്തിലായിരിക്കും. ജനാധിപത്യ വിശ്വാസികൾ ഇത് മനസ്സിൽ കനൽകെടാതെ സൂക്ഷിക്കേണ്ടതുണ്ട്. ആത്യന്തികമായി കീഴടക്കപ്പെടുന്നതും കൊള്ളയടിക്കപ്പെടുന്നതും ജനാധിപത്യക്രമത്തിന്റെ യഥാർത്ഥ അവകാശികളും ദാതാക്കളുമായ ജനങ്ങൾതന്നെയായിരിക്കും. ചരിത്രത്തിലെ ഏറ്റവും വിലപ്പെട്ട ദേശീയ പൈതൃകവും.

**2.** ഇന്ത്യയിൽ ആഭ്യന്തര അടിയന്തരാവസ്ഥ 1975 ജൂൺ 25-26-ന് എങ്ങനെ നടപ്പിൽ വരുത്തി എന്നതിന്റെ വിശദാംശങ്ങളിന്ന് ചരിത്രം വെളിച്ചത്തു വെച്ചിരിക്കുന്നു. ഇന്ദിരാഗാന്ധിയും മകൻ സഞ്ജയ് ഗാന്ധിയും അല്പം ചില വിശ്വസ്തരും സ്തുതിപാഠകരും ചേർന്ന് ജനാധിപത്യം അട്ടിമറിക്കുകയായിരുന്നു. കോടതിവിധിയെതുടർന്ന് പ്രധാനമന്ത്രിപദം ഒഴിയേണ്ടിവരുമെന്നു വന്നപ്പോൾ. ആഭ്യന്തര ശക്തികൾ രാജ്യത്തിന്റെ സുരക്ഷിതത്വം തകർക്കാൻ ഗൂഢാലോചന നടത്തിയതായി തനിക്കു രഹസ്യവിവരം കിട്ടിയെന്ന് രാഷ്ട്രപതിയെ അറിയിക്കുകയായിരുന്നു ഇന്ദിരാഗാന്ധി. മന്ത്രിസഭയിൽപോലും ആലോചിക്കാതെ, പാർട്ടിയിൽ ചർച്ചചെയ്യാതെ. നടപടിക്രമങ്ങൾ മറികടന്ന് പ്രധാനമന്ത്രിയെന്ന നിലയിൽ പ്രസിഡന്റ് ഫക്രുദീൻ അലി അഹമ്മദിന്റെ പിന്തുണയോടെ രാജ്യത്തെ തെറ്റിദ്ധരിപ്പിച്ച് ഭരണം കീഴ്പ്പെടുത്തുകയായിരുന്നു. നിയമപരമായി കുറുക്കുവഴികൾ തേടാൻ പ്രമുഖ അഭിഭാഷകനും പശ്ചിമബംഗാൾ മുഖ്യമന്ത്രിയുമായ സിദ്ധാർത്ഥ ശങ്കർ റെയെ അടിയന്തരമായി വിളിച്ചുവരുത്തി വ്യക്തത വരുത്തുകയും രാഷ്ട്രപതിക്കുള്ള കത്ത് തയ്യാറാക്കിക്കുകയും ചെയ്തു. കോൺഗ്രസ്സ് ഐ പ്രസിഡന്റിനോട് അടിയന്തരാവസ്ഥാ പ്രഖ്യാപന പ്രസംഗത്തിന്റെ സ്വരം എങ്ങനെവേണമെന്നു മാത്രം ചർച്ച ചെയ്തു. ആഭ്യന്തരമന്ത്രി മുഖേന മാത്രമേ പ്രഖ്യാപനാവശ്യം രാഷ്ട്രപതിക്കെത്തിക്കാനാവൂ എന്നതുകൊണ്ട് മന്ത്രി ബ്രഹ്മാനന്ദ റെഡ്ഡിയെ അവസാനനിമിഷം വിവരമറിയിക്കുകയും ചെയ്തു. ഇത്രയും നടക്കുന്നതിനകം തന്നെ സഞ്ജയ് ഗാന്ധിയും ആഭ്യന്തര സഹമന്ത്രി ഓം മേത്തയും ചേർന്ന് പിറ്റേന്ന് ദില്ലി ഹൈക്കോടതി ലോക്കൗട്ട് ചെയ്യാനും ദില്ലിയിലെ പത്രമാഫീസുകൾക്ക് രാത്രിതന്നെ വൈദ്യുതി വിച്ഛേദിക്കാനും നിർദ്ദേശം നൽകിക്കഴിഞ്ഞിരുന്നു. പ്രസിഡന്റ് ഒഴികെയുള്ള കോൺഗ്രസ്സിലെ പ്രമുഖ നേതാക്കളും ഏതാനും മുഖ്യമന്ത്രിമാരും ദില്ലിക്കു പുറത്തായിരുന്ന കേന്ദ്ര മന്ത്രിമാരും വിവരം പിറ്റേന്ന് ആകാശവാണിയിൽനിന്നാണ് അറിഞ്ഞത്.

യുവതുർക്കികളിലൊരാളായ മോഹൻ ധാരിയ ലോകസഭയിൽ അടിയന്തരാവസ്ഥാ പ്രഖ്യാപന പ്രമേയത്തെ എതിർത്തു സംസാരിച്ചു. രാജിവെച്ച് ധാർമ്മികത ഉയർത്തിപ്പിടിക്കുകയാണ് ശ്രീമതി ഗാന്ധി ചെയ്യേണ്ടതെന്നു പറഞ്ഞു. അടിയന്തരാവസ്ഥ പിൻവലിച്ച് രാഷ്ട്രീയ നേതാക്കളെ മോചിപ്പിക്കാനും ദേശീയതല സംവാദമാരംഭിക്കാനും ആവശ്യപ്പെട്ടു. ഇതു ജനാധിപത്യമല്ല ഹിപ്പോക്രിസി മാത്രമാണെന്നും പ്രധാനമന്ത്രിയുടെ മുഖത്തുനോക്കി പറഞ്ഞു. പഞ്ചാബിലെ ആദ്യ മുഖ്യമന്ത്രിയും നെഹ്റുവിന്റെ അടുത്ത സഹപ്രവർത്തകനുമായിരുന്ന ഭീംസെൻ സച്ചാർ മൗലികാവകാശങ്ങൾ പുന:സ്ഥാപിക്കാൻ അടിയന്തരാവസ്ഥയ്ക്കെതിരെ സമരം പ്രഖ്യാപിച്ചു. അ

ദ്ദേഹത്തെ കരിനിയമമുപയോഗിച്ച് അറസ്റ്റുചെയ്ത് ജയിലിലാക്കുകയാണ് ചെയ്തത്.

'ഇന്ദിരയാണ് ഇന്ത്യ'യെന്നു മുദ്രാവാക്യം വിളിച്ചത് തുടക്കത്തിൽ കോൺഗ്രസ്സ് പ്രസിഡന്റ് ഡി.കെ. ബെറുവതന്നെയായിരുന്നു. കോൺഗ്രസ്സിന്റെ അധികാരദുര എന്നുപറയുന്നത് ശരിയാവില്ല. ഇന്ദിരാഗാന്ധിയുടെയും സ്തുതിപാഠകരുടെയും അധികാരദുരയ്ക്ക് വഴങ്ങുന്ന ഒരു കോൺഗ്രസ്സിനെ അമിതാധികാര വാഴ്ചക്കുകീഴിൽ രൂപപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു.

**3.** കോൺഗ്രസ്സിന്റെ സഹജമായ ജനാധിപത്യ വിശ്വാസംകൊണ്ടാണ് അടിയന്തരാവസ്ഥ പിൻവലിക്കപ്പെട്ടത് എന്ന് കരുതുന്നത് സത്യത്തിന്റെയും വസ്തുതകളുടെയും മറുകണ്ടം ചാടലാണ്. ഇന്ദിരാഗാന്ധിയെയും സഞ്ജയ് ഗാന്ധിയെയും കോൺഗ്രസ്സ് ഐയെയും തെരഞ്ഞെടുപ്പു വീണുകിട്ടിയ അവസരമുപയോഗിച്ച് തോൽപ്പിച്ച ഇന്ത്യയിലെ ജനങ്ങൾതന്നെയാണ് അടിയന്തരാവസ്ഥ പിൻവലിപ്പിച്ചത്.



കാർട്ടൂൺ: അബു എബ്രഹാം

**കോൺഗ്രസ്സിന്റെ സഹജമായ ജനാധിപത്യ വിശ്വാസം കൊണ്ടാണ് അടിയന്തരാവസ്ഥ പിൻവലിക്കപ്പെട്ടത് എന്ന് കരുതുന്നത് സത്യത്തിന്റെയും വസ്തുതകളുടെയും മറുകണ്ടം ചാടലാണ്. ഇന്ദിരാഗാന്ധിയെയും സഞ്ജയ് ഗാന്ധിയെയും കോൺഗ്രസ്സ് ഐയെയും തെരഞ്ഞെടുപ്പു വീണുകിട്ടിയ അവസരമുപയോഗിച്ച് തോൽപ്പിച്ച ഇന്ത്യയിലെ ജനങ്ങൾതന്നെയാണ് അടിയന്തരാവസ്ഥ പിൻവലിപ്പിച്ചത്.**

യു.പി. തൊട്ട് ഹിമാചൽ പ്രദേശ് വരെ ആറു സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിന് ഒരു സീറ്റുപോലും ലഭിച്ചില്ല. ഉത്തരേന്ത്യയിൽ മധ്യപ്രദേശിലും രാജസ്ഥാനിലും ഓരോ സീറ്റും. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് 92ഉം. 71-ൽ 66 ശതമാനം വോട്ടുകിട്ടിയ, ആദ്യകാല തെരഞ്ഞെടുപ്പുകളിൽ 75 ശതമാനത്തോളം വോട്ടുനേടിയിരുന്ന ആ പാർട്ടിക്ക് ജനങ്ങൾ 77-ൽ നൽകിയത് 28 ശതമാനം വോട്ട്.

**4.** തീർച്ചയായും.

**5.** ഇപ്പോഴത്തെ ഇന്ത്യൻ അവസ്ഥ അസ്വസ്ഥജനകമാണ്. വൻ കോർപ്പറേറ്റുകൾക്ക് പരസ്യമായും രഹസ്യമായും നമ്മുടെ വിലപ്പെട്ട ധാതുസമ്പത്തും പൊതുമേഖലയും കൊള്ളയടിക്കാൻ അനുവദിക്കുന്നതിന്റെ വ്യത്യസ്ഥ ചിത്രങ്ങളാണ് കേരളീയത്തിന്റെ ഈ ചോദ്യത്തിൽ. കോൺഗ്രസ്സ് ഐ ഒരു പാർട്ടിയെന്ന നിലയ്ക്ക് അടിയന്തരാവസ്ഥ കൊണ്ടുവരുമെന്ന് കരുതുന്നില്ല. എന്നാൽ വളർന്നുവരുന്ന ദേശീയ സാഹചര്യത്തിലെ ഈ വൈരുദ്ധ്യങ്ങളും പ്രതിസന്ധികളും അധികാരത്തിലിരിക്കുന്നവരും പണ-മുതലാളിത്ത ശക്തികളും ജനങ്ങളും തമ്മിൽ മൂർച്ഛിക്കുന്ന വൈരുദ്ധ്യങ്ങളും അടിയന്തരാവസ്ഥയ്ക്കു സമാനമായ പുതിയ സ്ഥിതി സൃഷ്ടിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല.

**6.** ഇന്ത്യയുടെ ചില മേഖലകളിൽ സൈനിക നടപടികൾക്ക് നിർബന്ധമായ സാഹചര്യങ്ങൾ വളർന്നു വന്നിട്ടുണ്ട്. എന്നാൽ ഇന്ത്യയിലെ ഇപ്പോഴത്തെ രാഷ്ട്രീയാവസ്ഥ അപ്രഖ്യാപിത അടിയന്തരാവസ്ഥയ്ക്കു തുല്യമാണെന്ന് പറയുന്നത് ആഭ്യന്തര അടിയന്തരാവസ്ഥയുടെ യഥാർത്ഥ അവസ്ഥ എന്താണെന്ന് ഉൾക്കൊള്ളാത്തതുകൊണ്ടോ ആലങ്കാരികമോ ആണെന്നാണ് എനിക്കു തോന്നുന്നത്. ജനാധിപത്യാവകാശങ്ങൾ പൂർണ്ണമായി ഉറപ്പുവരുത്തിയും വികസനവും സാമൂഹ്യനീതിയും നിഷേധിക്കപ്പെട്ടവർക്ക് അത് ലഭ്യമാക്കിയും അവരുടെ വിശ്വാസം ആർജ്ജിക്കാവുന്ന ആത്മാർത്ഥമായ ഭരണനടപടികൾ എടുത്തും നിലവിലുള്ള നയങ്ങൾ അടിയന്തരമായി തിരുത്തിയും മാത്രമേ ഈ പ്രശ്നങ്ങളെ നേരിടാൻ കഴിയൂ.

**7.** നക്സലൈറ്റുകളും മാവോയിസ്റ്റുകളും ഇന്ത്യയിലെ പൗരന്മാരാണ്. അവരെ നേരിടേണ്ടത് സൈന്യത്തെക്കൊണ്ടല്ലെന്നു പറഞ്ഞത് നമ്മുടെ വ്യോമസേനയുടെ മേധാവിയാണ്. നക്സലൈറ്റുകൾ നടത്തിയത് അവരുടേതായ രീതിയിൽ രാഷ്ട്രത്തിനും ജനങ്ങൾക്കുവേണ്ടിയുള്ള പോരാട്ടമാണ്. രക്ഷിതാക്കളെന്ന നിലയ്ക്ക് നമ്മുടെ രാഷ്ട്രീയ നേതാക്കൾ ഇപ്പോൾ ചെയ്തു കാണിക്കുന്ന പ്രവർത്തനങ്ങളല്ലല്ലോ അവർ ചെയ്തത്. അതിനെ ഒരു രാഷ്ട്രീയ സമരമായി കാണുന്നതിൽ എന്താണു തെറ്റ്. ഉമ്മൻചാണ്ടി സർക്കാർ എന്തുചെയ്യുമെന്ന് അവർതന്നെയാണ് പ്രതികരിക്കേണ്ടത്. എന്നോടുചോദിച്ചാൽ മറ്റൊരു ചോദ്യമാണ് മറുപടി. കേരളത്തിൽ ജാതി-മത സംഘടനകളിൽ ഏതിനെങ്കിലുമുള്ള വോട്ടുബാങ്ക് അടിയന്തരാവസ്ഥാ തടവുകാർക്കുണ്ടോ?